(ബി) ടി പരാതിയുടെ അടിസ്ഥാനത്തിൽ വിളപ്പിൽശാല സ്റ്റേഷനിൽ ക്രൈം 80/98 നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ പരാതിയിലെ എതിർകക്ഷികളായ ഗിരീശനേയും തങ്കമണിയെയും 498 (എ) ആന്റ് 34 ഐ.പി.സി.പ്രകാരമുള്ള കുറ്റം നടത്തിയതിന് ഒന്നും രണ്ടും പ്രതികളാക്കി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കേസ്സന്വേഷണം പൂർത്തിയാക്കി പ്രതികളുടെ പേരിൽ ചാർജ് ഷീറ്റ് കാട്ടാക്കട ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ 31/3/99-ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേസ്സന്വേഷണം പൂർത്തിയാക്കിയിട്ടുള്ളതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

പാറശ്ശാലയിൽ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി

84 (740) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാലയിൽ മുൻസിഫ്/മജിസ്ട്രേട്ട് കോടതികൾ ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കി ഇക്കൊല്ലംതന്നെ കോടതികൾ ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാറശ്ശാലയിൽ ഒരു മുൻസിഫ് മജിസ്ട്രേട്ട് കോടതി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഹൈക്കോടതി ശുപാർശ ചെയ്ത് സർക്കാർ അംഗീകരിപ്പിച്ചിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ 16-ാം സ്ഥാനത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മുൻഗണനാ ലിസ്റ്റിലെ ക്രമം പാലിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളു.

നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട്

85 (741) ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൻമേൽ ഇതുവരെ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ഈ നടപടിമൂലം മേൽത്തട്ട് പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതലായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly